I/146183/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ശ്രീമതി അഞ്ജു.കെ.എസ്, ഐ എ എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - 2023 - പൊതുസ്ഥലമാറ്റം അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർമാരുടെ അനുകമ്പാർഹമായ അപേക്ഷകൾ പരിഗണിച്ചുള്ള സ്ഥലമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1) G.O.(P) No 3/2017/P&ARD തീയതി 25.2.2017.
2) സ . ഉ . (സാധാ ) നമ്പർ 147./2022./ കൃഷി തീയതി 21.2.2022.
3) സ . ഉ . (സാധാ ) നമ്പർ 1075/2019./ കൃഷി തീയതി 15.11.2019.
4) അനുകമ്പാർഹ സ്ഥലമറ്റത്തിനായി രൂപീകരിച്ച കമ്മിറ്റിയുടെ 17/10/2023-ലെ യോഗ തീരുമാനം

**ഉത്തരവ് നമ്പർ ADFW/11721/2023-SE4 തീയതി . 16-11-2023**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 2023- വർഷത്തെ പൊതുസ്ഥലമാറ്റ നടപടികൾ ഓൺലൈനായി നടപ്പിലാക്കുന്നതിന് പരാമർശം 1, 2, പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ജീവനക്കാരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിരുന്നു. പൊതുസ്ഥലമാറ്റത്തിൽ വകുപ്പിലെ എല്ലാ തസ്തികകളിലേക്കും അനുകമ്പാർഹ സ്ഥലമാറ്റത്തിന് 10% നീക്കിവച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും, അനുകമ്പാർഹ സ്ഥലമാറ്റത്തിന് അർഹരായവരുടെ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് സൂചന 3 ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ , ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ, കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി, കൃഷി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു കൊണ്ടും ഉത്തരവായിരുന്നു . മേൽ സാഹചര്യത്തിൽ വകുപ്പിലെ 2023- വർഷത്തെ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിന് അനുകമ്പാർഹ സ്ഥലമാറ്റത്തിന് അർഹരായവരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഒരു ഡോക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ തസ്തികകളിൽ അനുകമ്പാർഹ സ്ഥലമാറ്റത്തിന് അർഹരായവരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനായി 17/10/2023 ൽ കമ്മിറ്റി കൂടുകയും, പ്രസ്തുത കമ്മിറ്റിയിൽ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ അനുകമ്പാർഹ സ്ഥലമാറ്റത്തിന് അർഹരായവരുടെ അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

മേൽ വിവരിച്ച സാഹചര്യത്തിൽ അനുകമ്പാർഹ കമ്മിറ്റി പരിഗണിച്ച അസിസ്റ്റന്റ് അഗ്രികൾച്ചർ ഓഫീസർ തസ്തികയിലെ അപേക്ഷകളിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുകമ്പാർഹമായ കാരണങ്ങളിൽ സ്ഥലമാറ്റം അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ ഭേദഗതി കരട് ലിസ്റ്റിലും അന്തിമ ലിസ്റ്റിലും വരുത്തുന്നതിന് നിർദേശിച്ചുകൊണ്ടും

I/146183/2023

ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥലമാറ്റം അനുവദിച്ച സ്റ്റേഷനുകളിലേക്ക് ഓൺലൈനായി അപക്ഷ സമർപ്പിച്ചു എന്നതിന്റെ പേരിൽ മറ്റുള്ള ജീവനക്കാർക്ക് സ്ഥലമാറ്റത്തിന് യാതൊരുവിധ അവകാശവാദവും ഉന്നയിക്കുവാൻ കഴിയുന്നതല്ല. ഈ ഉത്തരവനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെയും കൃഷി വകുപ്പിലെ IT-സെല്ലിനെയും ചുമതലപെടുത്തുന്നു.

Signed by
Beena P S
Date: 17-11-2023 11:24:36

ANJU K S IAS
DIRECTOR

സ്വീകർത്താവ്

1) സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ , തിരുവനന്തപുരം

2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ , IT- സെൽ

I/146184/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം:ADFW/ 11721/2023 SE 4 തീയതി :**16-11-2023**

**അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിന് പരിഗണിച്ചവരുടെ ലിസ്റ്റ്**

| ക്രമ നമ്പർ | പെൻ നമ്പർ | പേരും നിലവിലെ ഓഫീസും | സ്ഥലംമാറ്റപ്പെടുന്ന ജില്ല |
|---|---|---|---|
| 1 | 182764 | Sakunthaladevi.P<br>KB Pallichal, Thiruvananthapuram | KB Pallichal, Thiruvananthapuram<br>Retain in the same station |
| 2 | 336980 | Sreedharan.K<br>KB Chengalayi | KB Chengalayi<br>Retain in the same station |
| 3 | 182860 | Dileepkumar.S<br>KB Parakkadavu,Ernakulam | KB Pazhayakunnummel<br>Thiruvananthapuram |
| 4 | 337380 | Ravindran.T.V<br>KB Karuvarakundu,<br>Malappuram | KB Badiadka<br>Kasargod |
| 5 | 541271 | Prema B S<br>KB Parassala,<br>Thiruvananthapuram | KB Parassala,<br>Thiruvananthapuram<br>Retain in the same station |
| 6 | 182588 | Sudhakumari.J<br>KB Kottukal, Thiruvananthapuram | KB Kottukal,<br>Thiruvananthapuram<br>Retain in the same station |
| 7 | 338018 | Sal Mathew<br>KB Rayamangalam, Ernakulam | KB Rayamangalam, Ernakulam<br>Retain in the same station |
| 8 | 182442 | Jaya R<br>KB Vithura,<br>Thiruvananthapuram | KB Vithura,<br>Thiruvananthapuram<br>Retain in the same station |
| | | [illegible] | [illegible] |

| | | | |
|---|---|---|---|
| 9 | 337474 | Sandhya.G.S<br>KB Thodupuzha,<br>Idukki | KB Thodupuzha,<br>Idukki<br>Retain in the same station |
| 10 | 182873 | Gireesh.M.Pillai<br>KB Nanniyode,<br>Thiruvananthapuram | KB Nanniyode,<br>Thiruvananthapuram<br>Retain in the same station |

Signed by
Beena P S
Date: 17-11-2023 11:25:15

ANJU K S IAS
DIRECTOR
കൃഷി ഡയറക്ടർ